**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**

**തീയതി 30.10.2023**

# "ബിവറേജ് ഷോപ്പ് ഇൻചാർജ്ജിനെ ശിക്ഷിച്ചു."

ഇടുക്കി ജില്ലയിലെ ബൈസൻവാലി ബെവ്കോ ഔട്ട് ലെറ്റിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ ഷോപ്പ് ഇൻചാർജ്ജായിരുന്ന പി. എൻ. സജിയെ മൂന്നുവർഷം തടവിനും 1,00,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (30/10/2023) മൂവാറ്റുപുഴ വിജിലൻസ് കോടതി ശിക്ഷിച്ചു.

2008-2009 കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലെ ബൈസൻവാലി ബെവ്കോ ഔട്ട് ലെറ്റിലെ ദിവസ വരുമാനത്തിന്റെ ഒരു വിഹിതംമാത്രം ബാങ്കിലടച്ചശേഷം കൌണ്ടർഫോയിൽ തിരുത്തി 2,30,000/- രൂപ വെട്ടിച്ചതിലേക്ക് ഇടുക്കി വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. കെ. വി. ജോസഫ് രജിസ്റ്റർ ചെയ്ത കേസ്സിലാണ് പ്രതിയായ പി. എൻ. സജി കുറ്റക്കാരനാണെന്ന് മൂവാറ്റുപുഴ വിജിലൻസ് കോടതി ശിക്ഷിച്ചത്. ഇടുക്കി വിജിലൻസ് ഇൻസ്പെക്ടറായിരുന്ന ശ്രീ. ഗിൽസൻ മാത്യു അന്വേഷണം നടത്തി ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. രതീഷ് കൃഷ്ണൻ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ പി. എൻ. സജി കുറ്റക്കാരനാണെന്ന് മൂവാറ്റുപുഴ വിജിലൻസ് കോടതി കണ്ടെത്തി മൂന്നുവർഷം തടവിനും 1,00,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (30/10/2023) ശിക്ഷിച്ചത്. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർമാരായ ശ്രീ. രാജ് മോഹൻ ആർ പിള്ള, ശ്രീമതി. ഉഷാകുമാരി, ശ്രീമതി. സരിത. വി.എ എന്നിവർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ്

ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.